ഏലിയാ സ്ലീവാ മൂശാക്കാലം
അഞ്ചാം ഞായർ



# എമ്മാവൂസ് വചനദൂത്

# മാനുഷികനീതിയെ അതിലംഘിക്കുന്ന ദൈവനീതി

നിയമാ. 11:1–9 (വാഗ്ദത്തഭൂമി ദൈവദാനം); ഏശയ്യാ 40:12–17 (അതുല്യനായ ദൈവം);
2 കോറി. 2:12–17 (നിങ്ങൾ ദൈവത്തിന് മിശിഹായുടെ പരിമളം); മത്തായി 20:1–16 (മാനുഷികനീതി ദൈവനീതി)

ബ്ര. ജോസഫ് ജെ. ആര്യപ്പള്ളിൽ MCBS

(Vol. 10, Issue 17)

ഏലിയാ സ്ലീവാ മൂശാക്കാലത്തിലെ അവസാന ഞായറാഴ്ചകളിലേയ്ക്കാണ് നാം പ്രവേശിക്കുന്നത്. ഈ ഞായറാഴ്ചകളിൽ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെയും ഇസ്രയേലിന്റെ തെരഞ്ഞെടുപ്പിനെയും കുറിച്ചുള്ള ചിന്തകൾക്ക് സഭ പ്രാധാന്യം കൊടുക്കുന്നു.

ഇന്നത്തെ പഴയനിയമ - പുതിയനിയമ വായനകൾ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തെയും ദൈവരാജ്യപ്രവേശനത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. പഴയനിയമ വായനകൾ, ഇസ്രയേലിനോടു ദൈവം കാണിച്ച അതുല്യസ്നേഹത്തെ പ്രകീർത്തിക്കുന്നു. നിയമഗ്രന്ഥത്തിൽ, ദൈവം തന്റെ ശക്തമായ കരങ്ങളാൽ അടിമത്തത്തിൽ നിന്ന് ഇസ്രയേലിനെ വിമോചിപ്പിച്ച്, സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേയ്ക്ക് നയിക്കുന്ന ഒരു ചിത്രമാണ് കാണുവാൻ സാധിക്കുന്നത്. പ്രവാചകഗ്രന്ഥത്തിൽ കാനാൻദേശം നഷ്ടപ്പെട്ട് ബാബിലോൺ അടിമത്വത്തിൽ കഴിഞ്ഞവർക്കുള്ള വിമോചനത്തിന്റെയും ദൈവകാരുണ്യത്താൽ പുനഃരുദ്ധരിക്കപ്പെട്ട ദൈവത്തിന്റെ ഉടമ്പടി ബന്ധത്തിന്റെയും സന്തോഷ സദ്വാർത്തയാണ് ദൃശ്യമാകുന്നത്. ഇതിനു സമാനമായ ഒരു ചിത്രം തന്നെയാണ് പൗലോസ് ശ്ലീഹായും ലേഖനത്തിലൂടെ വരച്ചുകാണിക്കുന്നത്. താൻ തിരഞ്ഞെടുത്ത ജനത്തോട് കരുണ കാണിക്കുന്ന ദൈവത്തിന്റെ ചിത്രം.

സുവിശേഷത്തിലേയ്ക്ക് കടന്നുവരുമ്പോൾ മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലൂടെ ഈശോ പഠിപ്പിക്കുകയാണ് “ദൈവരാജ്യപ്രവേശനം ദൈവത്തിന്റെ കരുണാർദ്രസ്നേഹം നിറഞ്ഞ സമ്മാനമാണ്.” Jean Anouith എന്ന ഫ്രഞ്ച് ചലച്ചിത്രകാരൻ തന്റെ ‘The Honour of God’ എന്ന സിനിമയിൽ, ദൈവരാജ്യപ്രവേശനത്തെക്കുറിച്ച് ഇപ്രകാരമാണ് ചിത്രീകരിച്ചിരിക്കുന്നത്: സ്വർഗപ്രവേശനത്തിനായി സീറ്റ് റിസർവ്വ് ചെയ്ത് പ്രവേശനകവാടം തുറക്കുവാൻ കാത്തിരിക്കുന്ന നീതിമാന്മാർ. തൊട്ടുപിറകിൽ ‘ദൈവമേ, കരുണയുണ്ടാകേണമെ’ എന്ന് പ്രാർത്ഥിച്ചു നിൽക്കുന്ന പാപികൾ. പെട്ടെന്ന് ഒരു ദൂതൻ സദ്വാർത്തയുമായി കടന്നുവന്നു. ദൈവം നീതിമാന്മാരോടും പാപികളോടും കരുണ കാണിച്ച് സ്വർഗത്തിൽ പ്രവേശിപ്പിക്കുവാൻ തീരുമാനിക്കുന്നു. അൽപസമയത്തെ നിശബ്ദതയ്ക്കു ശേഷം നീതിമാന്മാർ ദൈവസന്നിധിയിൽ അരിശപ്പെട്ടു. പാപികൾ ദൈവത്തിന്റെ കരുണയെ പുകഴ്ത്തി. ദൈവത്തിന്റെ സന്നിധിയിൽ മറുതലിച്ചവരെ പുറത്താക്കിയതിനു ശേഷം ദൈവത്തെ പുകഴ്ത്തിയവരെയും ചേർത്ത് ദൈവദൂതൻ സ്വർഗകവാടത്തിനുള്ളിലേയ്ക്ക് പ്രവേശിക്കുന്നു.

പിമ്പന്മാരാകുന്ന മുമ്പന്മാരെക്കുറിച്ചും മുമ്പന്മാരാകുന്ന പിമ്പന്മാരെക്കുറിച്ചുമുള്ള ചിത്രമാണ് മുന്തിരിത്തോട്ട

ത്തിലെ ജോലിക്കാരുടെ ഉപമയും പറഞ്ഞുവയ്ക്കുന്നത്. ഈ ഉപമ മനസ്സിലാക്കുവാൻ പാലസ്തീനിയൻ പശ്ചാത്തലം മനസ്സിലാക്കേണ്ടതുണ്ട്. മത്തായി സുവിശേഷകൻ വചനം പ്രസംഗിച്ച സമൂഹത്തിൽ നിലവിലുണ്ടായിരുന്ന പ്രതിസന്ധികൾക്കുള്ള ഉത്തരമാണ് ഈ ഉപമ. യഹൂദ ക്രിസ്ത്യാനികൾ ഭൂരിപക്ഷമുണ്ടായിരുന്ന മത്തായിയുടെ സമൂഹത്തിൽ, വിശ്വാസം സ്വീകരിച്ച വിജാതീയരോട് പുച്ഛമനോഭാവം പുലർത്തിയിരുന്നു. മുന്തിരിത്തോട്ടത്തിൽ ദീർഘകാലം പണിയെടുത്ത അവകാശവുമായി നിൽക്കുന്ന ഇരുത്തന്മാരും അടുത്ത കാലത്ത് വിശ്വാസത്തിലേയ്ക്ക് കടന്നുവന്ന വരുത്തന്മാരും തമ്മിലുള്ള സംഘർഷമാണിത്. ഇരുത്തന്റെ പഴമയും വരുത്തന്റെ പുതുമയും സ്വർഗരാജ്യം സ്വന്തമാക്കുവാനുള്ള മാനദണ്ഡമല്ലെന്നും ഇരുവരും ഒരുപോലെ ദൈവത്തിന്റെ കാരുണ്യത്തിനും സ്വർഗരാജ്യപ്രവേശനത്തിനും അർഹരാണെന്നും ഈശോ പഠിപ്പിക്കുന്നു.

ഉപമയിലെ കൃഷിക്കാരൻ രണ്ടു കാര്യങ്ങളാണ് പഠിപ്പിക്കുന്നത്; ഒന്ന്, ഉത്തരവാദിത്വബോധമുള്ളവരായിരിക്കണം. രണ്ട്, എല്ലാവരോടും കരുണയുള്ളവരായിരിക്കണം. തന്റെ കൃഷിത്തോട്ടത്തെക്കുറിച്ച് ഉത്തരവാദിത്വബോധമുള്ളവനാണ് തോട്ടത്തിന്റെ ഉടമസ്ഥൻ. മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും ജോലിക്കാരെ തേടുന്ന യജമാനൻ മുന്തിരിത്തോട്ടത്തിന്റെ അടിയന്തരാവസ്ഥ അറിയുന്നവനാണ്. ഒരു മണിക്കൂർ കൂടുതൽ അദ്ധ്വാനിച്ചാൽ അത്രയും മുന്തിരി നഷ്ടമാവുകയില്ലല്ലോ.

രണ്ടാമതായി തന്റെ ജോലിക്കാരോട് കരുണയും നീതിയുമുള്ളവനാണ് ഉപമയിലെ യജമാനൻ. അവരുടെ അവസ്ഥകളെ അറിയുന്നവനാണ് ഉപമയിലെ യജമാനൻ. രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ നീളുന്ന, 12 മണിക്കൂർ മുന്തിരിത്തോട്ടത്തിലെ ജോലി ചെയ്താൽ കൃഷിക്കാരനു കിട്ടുന്ന കൂലി ഒരു ദനാറയാണ്. ഒരു സാധാരണക്കാരന്റെ നിത്യച്ചെലവിന്റെ ആകെത്തുകയാണ് ഒരു ദനാറ. മാനുഷീകനീതിയോടെ ദിവസക്കൂലിയായ ഒരു ദനാറ കൊടുത്തില്ലെങ്കിൽ അവന്റെ ഭാര്യയും മക്കളും പട്ടിണി കിടക്കുമെന്ന് അറിയാവുന്നതിനാലാവണം അവസാന മണിക്കൂർ വന്നവനും ഒരു ദനാറ യജമാനൻ കൊടുക്കുന്നത്.

ഒരമ്മ തന്റെ മക്കൾക്ക് ആഹാരം നൽകുന്നത് ഓരോ ദിവസവും മക്കൾ ചെയ്യുന്ന ജോലിയുടെ തോതനുസരിച്ചല്ല. മറിച്ച്, അവരുടെ ആവശ്യമനുസരിച്ചാണ്. ജോലിയുടെ ഭാരമനുസരിച്ച് കൂലി കൊടുക്കുന്നതാണ് നീതി. സാമൂഹികശാസ്ത്രം അതിനെ "ജീവനകൂലിയുടെ തത്വം" എന്നു വിളിക്കും - The Principle of Living Wages. എന്നാൽ, ഇതിലും വലുതാണ് വിശക്കുന്നവർക്ക് ആഹാരം കൊടുക്കണമെന്ന മനുഷ്യത്വത്തിന്റെ നീതി. ഇതു തന്നെയാണ് ഉപമയിലെ യജമാനൻ ചെയ്തതും.

പതിനൊന്നാം മണിക്കൂർ വരെ കാത്തിരുന്ന ഉപമയിലെ കൃഷിക്കാരൻ അവസാന നിമിഷം വരെ പ്രതീക്ഷ നഷ്ടപ്പെടാതെ കാത്തിരിക്കണമെന്ന് പഠിപ്പിക്കുന്നു. ഹെറോദോസ് പുതുക്കുപ്പണിത ദൈവാലയത്തിന്റെ പണികൾക്കായി ജറുസലേമിൽ വന്ന തൊഴിലാളികൾക്ക് ദൈവാലയപണി പൂർത്തിയായതോടെ തൊഴിൽ നഷ്ടമായി. കഠിനദാരിദ്ര്യത്തിലായ അവർ കുടുംബം പോറ്റാൻ എന്തു ജോലിയും ചെയ്യുവാൻ തയ്യാറായി. ഉടമയുടെ ക്ഷണവും കാത്ത് പ്രഭാതത്തിൽ തന്നെ അവർ ചന്തയിലെത്തിച്ചേരും. അവസാന മണിക്കൂർ വരെ കാത്തിരുന്ന ജോലിക്കാർ ഭഗ്നാശരായില്ല. തിരികെപ്പോകുവാൻ കൂട്ടാക്കുന്നുമില്ല. ദൈവം പലപ്പോഴും മനുഷ്യനെ സന്ദർശിക്കുന്നത് പതിനൊന്നാം മണിക്കൂറിലാണ്. എല്ലാം നഷ്ടമായി എന്നു കരുതിയിരിക്കുന്ന സമയങ്ങളിൽ അദൃശ്യനായി, അജയ്യനായി ദൈവം കടന്നുവരും. 99-ാം വയസ്സു വരെ പുത്രഭാഗ്യത്തിനായി കാത്തിരുന്ന അബ്രാഹവും നീണ്ട വർഷം തടവറയിൽ കഴിഞ്ഞ പൂർവ്വ യൗസേപ്പും പതിനൊന്നാം മണിക്കൂർ വരെ കാത്തിരുന്ന് ദൈവത്തെ കണ്ടെത്തിയവരാണ്. കാത്തിരുന്നവരും കാത്തിരിക്കുന്നവരുമാണ് ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചറിയുന്നത്.

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലൂടെ, മനുഷ്യന്റെ അർഹത കൊണ്ട് നേടിയെടുക്കുന്ന ഒന്നല്ല ദൈവത്തിന്റെ കാരുണ്യം എന്നാണ് പറഞ്ഞുവയ്ക്കുന്നത്. 'ദൈവത്തിന്റെ ദാനമാണ് ദൈവത്തിന്റെ കാരുണ്യം' എന്നാണ് ബെനഡിക്ട് 16-ാമൻ പാപ്പ പഠിപ്പിക്കുന്നത്. 'ദൈവം, കണക്കുകൂട്ടി കൂലി കൊടുക്കുന്നവനല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നത്.

നമ്മുടെ അനുദിന ജീവിതത്തിൽ കരുണയുടെയും സ്നേഹത്തിന്റെയും ദനാറകൾ പങ്കുവച്ച് ഉത്തരവാദിത്വബോധവും പ്രതീക്ഷയുമുള്ളവരായിരിക്കാം. കരുണയുള്ള പിതാവിന്റെ കരുണയുള്ള മക്കളാകുവാൻ നമുക്ക് കടമയുണ്ടെന്ന് വി. പാദ്രെ പിയോ പറഞ്ഞുതരുന്നു. 'വിശുദ്ധ കുർബാന ദൈവത്തിന്റെ കരുണ ദൃശ്യമാകുന്ന കൂദാശയാണ്' എന്ന് പത്താം പീയൂസ് പാപ്പ പഠിപ്പിക്കുന്നു. അനുദിനം വിശുദ്ധ കുർബാന നമ്മൾ നുകരുമ്പോൾ, ദൈവത്തിന്റെ കരുണ അനുദിനം അനുഭവിച്ചറിയുമ്പോൾ നമുക്ക് തിരിച്ചറിയാം, സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നമ്മളും കരുണയുള്ളവരായിരിക്കണമെന്ന്.

കരുണയുടെ അൾത്താരയിൽ കണ്ണുനീരൊഴുക്കുന്ന മെഴുകുതിരികളോടു ചേർന്ന് നമുക്കും പ്രാർത്ഥിക്കാം. ദൈവമേ, എന്നോട് കരുണയായിരിക്കേണമേ... അപരനോട് കരുണയോടെ പ്രവർത്തിക്കുവാൻ എന്നെ പ്രാപ്തനാക്കണമെ...